റസാഖ്, കോട്ടക്കൽ

# മനുഷ്യദൃശ്യം

## ചിത്രങ്ങളും കുറിപ്പുകളും

നടുഹൃത്തിൽ രജതശേഖരം
കൈവെള്ളയിൽനിന്നൊലിച്ചുപോകും കാലം
ഒരു ബിന്ദുവായ്, ഒരോളവട്ടമായ്
അറിയാകാലങ്ങളിലേക്കനന്തയാത്രയായ്
ഞാനും
എന്റെ പാപഭാരങ്ങൾതൻ നിഴലും
അജ്ഞാതമീ മർത്യ സഞ്ചാരം.





ചെടി–മരങ്ങൾ ചിത്രമെഴുതിയ വർണ്ണ
ലോകം
ചിത്രശലഭം നടനമാടിയൊരാനന്ദ ഭവനം
വഴിമുട്ടി നിൽക്കും നെടുവീർപ്പുകൾ
കരിയിലയും കരിനിഴലും വരണ്ട
പാതയും
നാളെയുമിത്രയ്ക്ക് കറുത്തുപോയോ.
കടമ്പ കടന്നാലിതോ പുതുവീട്?

മനുഷ്യാർത്തിയൊരുക്കിയ
വെള്ളി നാടയായ് അറ്റമില്ലാവഴി
പൂവിരിയേണ്ടകാലം
മുൾപ്പാതയിൽ കരിനിഴലുമായ്
നിത്യദു:ഖം തലയിലേറ്റി നീങ്ങും
കുരുന്നുകൾക്ക്
ഏതുശിഖിരമേകും കരുത്ത്.





പിറന്ന മണ്ണിൽ
പുളയുന്ന പാദം
വരണ്ടഭൂമിയിൽ
തുളയ്ക്കുന്ന നോട്ടം
കറുത്ത ലോകത്തിൽ
വെളുത്ത നന്മയാൽ
മാനസം പുഞ്ചിരിയായ്
മെനയുന്നു സ്വപ്നം
വിരിയുന്നു സത്യം.

ആകാശംതുളച്ച
കോൺക്രീറ്റ് കാട്ടിൽ
ആർത്തലയ്ക്കും
ആഘോഷമേളം
കനിഞ്ഞ്
പാകിയ കരിവിത്തുകൾ
പുഴയിൽ കുരുത്തതോ
വിഷച്ചെടികൾ
അക്കരെയ്ക്കോ
ഇക്കരയ്ക്കോ
തുഴയുന്ന കൈയല്ല,
തുഴതന്നെതീർക്കും
ഓരോരോ ലക്ഷ്യം.







വടവൃക്ഷങ്ങൾക്കുതാഴെ
കൂടാരങ്ങൾക്കുള്ളിലെ
ഒറ്റയാൻ ദ്വീപുകളിലേക്കും
വിറങ്ങലിച്ച മനസ്സുകളിലേക്കും
പാഴ്യാത്രയെന്തിന്
അനന്തതയിലീധ്യാനം
നിത്യ സഞ്ചാരം.

മണിമേടകളിൽ
ചങ്ങലക്കിലുക്കം
സുഖഭോഗങ്ങളിൽ
നഗ്നാവേശം
കിളച്ചും മറിച്ചും
കരിതുപ്പിയും ചവറുകൂട്ടിയും
ഭൂമിതന്നുള്ളിലെ
ഉപ്പുവറ്റിയാലും
തോൾചേർന്ന്
കാലം കുരുത്ത മാമരം



കാലം കുരുത്ത മാമരം

നിത്യരോഗത്തിൻ
നിരാലംബ ദൈന്യം
ആർത്തിയാൽ പുളയും
ചികിത്സാമുറകളിൽ പിടയും
വെൺമറയ്ക്കുള്ളിലെ
കാരുണ്യംവറ്റിയ കനൽ-
ഹൃദയം,
കാലം നിശ്ചലം.

വിലക്കിനും വാൾവാക്കിനും കനിവ്
ചങ്ങലയ്ക്കും ദയയുത്തരം
ഉരുകിയൊലിക്കും
ചൂടേറ്റുവാങ്ങി
ദൈന്യതയ്ക്ക്
തണലാശ്വാസം
അഹന്തയ്ക്കീവിധം
മറുകുറി
വനഹൃദയമീവിധം.





ഇന്നലേയിൽ നിന്നിന്നിലേയ്ക്കോ
ഇന്നിൽനിന്നിന്നലേയിലേയ്ക്കോ
ഇന്നലേയിൽനിന്ന് വരുംകാലങ്ങളിലേയ്ക്കോ
നാളയിൽനിന്നിന്നലേയിലേയ്ക്കോ
ആർക്കറിയാം
ജനിമൃതികൾക്കിടയിൽ കാലംപണിത തൂക്കുപാലം.

ഛായാ ചിത്രങ്ങൾ
റസാഖ്, കോട്ടക്കൽ
ക്ലിന്റ് സ്റ്റുഡിയോ കോട്ടക്കൽ